www.pscnet.in

# 109/2014 - M

1. സൈനിക സഹായ വ്യവസ്ഥ ആവിഷ്കരിച്ചത് ആര് ?
   (A) വെല്ലസ്ലി പ്രഭു (B) കഴ്സൺ പ്രഭു
   (C) മൗണ്ട് ബാറ്റൺ പ്രഭു (D) കോൺവാലിസ് പ്രഭു

2. 'കുണ്ടറ വിളംബരം' നടത്തിയതാര് ?
   (A) വേലുത്തമ്പി ദളവ (B) പഴശ്ശിരാജ
   (C) മാർത്താണ്ഡവർമ്മ (D) ശക്തൻ തമ്പുരാൻ

3. തിരുവിതാംകൂറിൽ ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ പോരാടിയ ശക്തനായ ഭരണാധികാരി ആരായിരുന്നു ?
   (A) ശക്തൻ തമ്പുരാൻ (B) വേലുത്തമ്പി ദളവ
   (C) പഴശ്ശിരാജ (D) മാർത്താണ്ഡവർമ്മ

4. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതി പരിഷ്കരണത്തിനെതിരെ വയനാട്ടിൽ നടന്ന കലാപം ഏതാണ് ?
   (A) കുണ്ടറ വിളംബരം (B) മലബാർ കലാപം
   (C) ഉപ്പ് സത്യാഗ്രഹം (D) കുറിച്ച്യർ കലാപം

5. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വോളണ്ടിയർ ക്യാപ്റ്റൻ ആരായിരുന്നു ?
   (A) കെ. കേളപ്പൻ (B) എ. കെ. ഗോപാലൻ
   (C) പി. കൃഷ്ണപിള്ള (D) ടി. സുബ്രഹ്മണ്യം

6. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് പന്ത്രണ്ട് വർഷം കൂടുമ്പോൾ കുടിയാൻ ജന്മിയുമായുള്ള ബന്ധം പുതുക്കുന്ന നിയമത്തിന്റെ പേര് ?
   (A) പൊളിച്ചെഴുത്ത് (B) കുടിയായ്മ
   (C) അടിയായ്മ (D) മേൽച്ചാർത്ത്

7. കാഞ്ചൻ ജംഗ ഹിമാലയ നിരകളിൽ ഏതിന്റെ ഭാഗമാണ് ?
   (A) ഹിമാചൽ (B) സിവാലിക്
   (C) ട്രാൻസ്-ഹിമാലയൻ നിരകൾ (D) ഹിമാദ്രി



fb.com/pscnet.in

www.pscnet.in

8. ഇന്ത്യയുടെ ഉത്തര പർവ്വത മേഖലയിൽ ഉൾപ്പെട്ട സംസ്ഥാനത്തിന്റെ പേരെഴുതുക.

(A) കേരളം (B) ഗുജറാത്ത് (C) ജമ്മു-കാഷ്മീർ (D) മദ്ധ്യപ്രദേശ്

9. ഹിമാലയൻ പർവ്വത നിരകളിൽ നിന്നുത്ഭവിച്ച് ഇന്ത്യയിലൂടെ ഒഴുകുന്ന നദി കണ്ടെത്തുക.

(A) സിന്ധു (B) നർമ്മദ (C) കാവേരി (D) കൃഷ്ണ

10. ബ്രഹ്മപുത്ര നദിയുടെ ഉത്ഭവം ഏതാണ് ?

(A) മാനസരോവർ (B) ഗായ്മുഖ്

(C) ചെമയുങ്ങ് ദുങ്ങ് (D) ഗംഗോത്രി

11. ഉപദ്വീപിയൻ നദികൾക്ക് ഉദാഹരണം കണ്ടെത്തുക.

(A) ഗംഗ (B) ഗോദാവരി (C) സിന്ധു (D) ബ്രഹ്മപുത്ര

12. നെല്ല് പ്രധാനമായും കൃഷി ചെയ്യുന്ന സംസ്ഥാനത്തിന്റെ പേരെഴുതുക.

(A) പശ്ചിമ ബംഗാൾ (B) ഗുജറാത്ത്

(C) മഹാരാഷ്ട്ര (D) ജമ്മു-കാഷ്മീർ

13. ഇന്ത്യയിൽ ശൈത്യകാലം അനുഭവപ്പെടുന്ന മാസങ്ങൾ ഏതെല്ലാം ?

(A) മാർച്ച്, ഏപ്രിൽ, മേയ് (B) ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ

(C) ഒക്ടോബർ, നവംബർ (D) ഡിസംബർ മുതൽ ഫെബ്രുവരി വരെ

14. ഏതൊക്കെ രാജ്യങ്ങൾ തമ്മിലാണ് 'താഷ്കന്റ് ' കരാർ ഒപ്പുവച്ചത് ?

(A) ഇന്ത്യയും, സോവിയറ്റ് യൂണിയനും

(B) ഇന്ത്യയും, ചൈനയും

(C) ഇന്ത്യയും, പാക്കിസ്ഥാനും

(D) ഇന്ത്യയും, അമേരിക്കയും

15. ഗോതമ്പ് പ്രധാനമായും കൃഷി ചെയ്യുന്ന സംസ്ഥാനം :

(A) കേരളം (B) ഉത്തർപ്രദേശ്

(C) മഹാരാഷ്ട്ര (D) ആന്ധ്രാ പ്രദേശ്

16. ' ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് ' (O B B) ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) വിദ്യാഭ്യാസം (B) ആരോഗ്യം (C) കായികം (D) കല



PSCNET.in

fb.com/pscnet.in

www.pscnet.in

17. അറിവിന്റെ പരസ്പര പൂരകമായ മറ്റൊരു ഘടകം ഏത് ?
(A) തൊഴിൽ (B) സംഘാടനം (C) ഭൂമി (D) അധ്വാനം

18. 'സർവ്വരും പഠിക്കുക, സർവ്വരും വളരുക' എന്നത് ഏത് പദ്ധതിയുടെ മുദ്രാ വാക്യമാണ് ?
(A) DPEP (B) SSA (C) OBB (D) RMSA

19. പരിസ്ഥിതി കമാന്റോസ് എന്നറിയപ്പെടുന്ന സംഘടന ഏത് ?
(A) ചിപ്കോ പ്രസ്ഥാനം (B) ആംനസ്റ്റി ഇന്റർനാഷണൽ
(C) ഗ്രീൻപീസ് (D) റെഡ് ക്രോസ്

20. വൃക്ഷങ്ങളേയും, തരുലതാദികളേയും സംരക്ഷിക്കുന്നതിനായി ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനം:
(A) ASEAN (B) SAARC
(C) ആംനസ്റ്റി ഇന്റർനാഷണൽ (D) ലോബയാൻ

21. ഹിമാലയൻ പ്രദേശങ്ങളിലെ വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനായി ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനം.
(A) ലോബയാൻ (B) ചിപ്കോ പ്രസ്ഥാനം
(C) ഗ്രീൻപീസ് (D) റെഡ് ക്രോസ്

22. 'ലോക സോഷ്യൽ ഫോറം' ആദ്യമായി സമ്മേളിച്ചത് എവിടെ വച്ചാണ് ?
(A) ജർമ്മനി (B) റഷ്യ (C) ബ്രസീൽ (D) ചൈന

23. 'ചിപ്കോ പ്രസ്ഥാ'നത്തിന്റെ നേതാവ് ആരാണ് ?
(A) സുന്ദർലാൽ ബഹുഗുണ (B) ജയപ്രകാശ് നാരായൺ
(C) ആങ്ങ് സാങ്ങ് സൂചി (D) മേധാ പട്കർ

24. അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ആസ്ഥാനം എവിടെയാണ് ?
(A) ജനീവ (B) വിയന്ന (C) റോം (D) ഹേഗ്

25. മാന്റിലിന്റെ ഉപരിഭാഗവും ഭൂവൽക്കവും ചേർന്ന ഭൂമിയുടെ ഭാഗത്തെ പറയുന്ന പേര് എന്ത് ?
(A) ലിത്തോസ്ഫിയർ (B) ഭൂവൽക്കം
(C) പുറക്കാമ്പ് (D) അകക്കാമ്പ്



fb.com/pscnet.in

www.pscnet.in

26. 'നിഫെ' എന്നുകൂടി അറിയപ്പെടുന്ന ഭൂമിയുടെ ഉള്ളറയിലെ ഭാഗം :
(A) ഭൂവൽക്കം (B) കാമ്പ് (C) മാന്റിൽ (D) ലിത്തോസ്ഫിയർ

27. മലയാളിയായ ആദ്യ പ്രതിരോധമന്ത്രി :
(A) എ. കെ. ആന്റണി (B) എൻ. ഗോപാലാചാരി
(C) എസ്. ആർ. റാവു (D) വി. കെ. കൃഷ്ണ മേനോൻ

28. ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം ഏത് പേരിൽ അറിയപ്പെടുന്നു ?
(A) എപ്പിസെന്റർ (B) പോയിന്റ് റെയ്സ്
(C) ഫോക്കസ് (D) റിക്ടർ സ്കെയിൽ

29. നിയമസഭയിൽ ആകെ അംഗങ്ങളുടെ പകുതിയും ഒന്നും ചേർന്ന് വരുന്നതാണ് :
(A) ഭൂരിപക്ഷം (B) കേവല ഭൂരിപക്ഷം
(C) പ്രാതിനിധ്യ ഭൂരിപക്ഷം (D) പ്രതിപക്ഷം

30. ജനാധിപത്യക്രമത്തിൽ പൗരനു ലഭിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു അവകാശമാണ് :
(A) പ്രായപൂർത്തി വോട്ടവകാശം (B) സമത്വത്തിനുള്ള അവകാശം
(C) വിദ്യാഭ്യാസവകാശം (D) മതസ്വാതന്ത്ര്യം

31. എ.ഒ.ഹ്യൂം, ഡബ്ല്യൂ.സി. ബാനർജി എന്നിവരുടെ നേതൃത്വത്തിൽ രൂപം കൊണ്ട അഖിലേന്ത്യാ സംഘടന ഏതാണ് ?
(A) ഇന്ത്യൻ നാഷണൽ കോൺഗ്രസ് (B) INTUC
(C) INA (D) UNO

32. ശാശ്വതഭൂനികുതി വ്യവസ്ഥയ്ക്ക് തുടക്കം കുറിച്ചത് ആരാണ് ?
(A) വെല്ലസ്ലി പ്രഭു (B) ബെൻടൻ പ്രഭു
(C) കോൺവാലീസ് പ്രഭു (D) കഴ്സൺ പ്രഭു

33. ഇന്ത്യയ്ക്ക് സ്വയം ഭരണം വേണമെന്ന ആവശ്യം ആദ്യമായി മുന്നോട്ടുവച്ച വ്യക്തി :
(A) സർദാർ വല്ലഭായി പട്ടേൽ (B) സുഭാഷ് ചന്ദ്രബോസ്
(C) ബാലഗംഗാധര തിലക് (D) മാഡം കാമ

34. മാതൃഭാഷയിൽ ഒരു ചെറുഖണ്ഡികയെങ്കിലും വായിക്കാനും, എഴുതാനുമുള്ള ശേഷിയാണ് :
(A) അറിവ് (B) വിദ്യാഭ്യാസം (C) സാക്ഷരത (D) വിജ്ഞാനം



PSCNET.in

fb.com/pscnet.in

www.pscnet.in

35. കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കാനായി ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ കാർഷിക തന്ത്രമാണ് :

(A) ധവള വിപ്ലവം (B) ഹരിത വിപ്ലവം

(C) നീല വിപ്ലവം (D) തീവ്രകാർഷിക പ്രദേശ പരിപാടി

36. INA -യുടെ നേതൃത്വത്തിൽ സുഭാഷ് ചന്ദ്രബോസിനോടൊപ്പം സായുധ പോരാട്ടത്തിൽ സജീവമായി പങ്കെടുത്ത വനിത ആര് ?

(A) ഝാൻസി റാണി (B) സരോജിനി നായിഡു

(C) മാഡം കാമ (D) ക്യാപ്റ്റൻ ലക്ഷ്മി

37. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോറിൽ ചേർന്ന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ആരായിരുന്നു ?

(A) ജവഹർലാൽ നെഹ്റു (B) മഹാത്മാ ഗാന്ധി

(C) സുഭാഷ് ചന്ദ്രബോസ് (D) ബാലഗംഗാധര തിലക്

38. മെസോപ്പൊട്ടേമിയയുടെ ഇപ്പോഴത്തെ പേരെന്ത് ?

(A) ഇറാൻ (B) തുർക്കി (C) ഇറാഖ് (D) അർമേനിയ

39. സുമേറിയയിലെ ഏറ്റവും പ്രധാനപ്പെട്ട നഗരരാഷ്ട്രം ഏത് ?

(A) ഉറുക്ക് (B) ഉർ (C) ലഗാഷ് (D) അക്കാദ്

40. ചൈനയിലെ ആദ്യത്തെ രാജവംശം ഏതാണ് ?

(A) മിങ്ങ് (B) ഷാങ്ങ് (C) ഹാൻ (D) ചൗ

41. ലോകത്തിന്റെ മേൽക്കൂര എന്നറിയപ്പെടുന്ന പർവ്വതനിര ഏതാണ് ?

(A) ഹിമാലയം (B) ആൽപ്സ് (C) റോക്കി (D) പാമീർ

42. ഹാരപ്പയിലെ ഏറ്റവും വലിയ കെട്ടിടം :

(A) ധാന്യപ്പുര (B) ഭരണ കേന്ദ്രം

(C) ആരാധനാലയം (D) മഹാസ്നാന ഘട്ടം

43. ' ടൗൺഷെന്റ് ' നിയമം ഏത് വിപ്ലവത്തിന്റെ കാരണങ്ങളിലൊന്നാണ് ?

(A) ഫ്രഞ്ച് (B) മഹത്തായ വിപ്ലവം

(C) റഷ്യൻ വിപ്ലവം (D) അമേരിക്കൻ വിപ്ലവം



fb.com/pscnet.in

www.pscnet.in

44. ഹിറ്റ്ലറുടെ ആത്മകഥയുടെ പേരെന്ത് ?

(A) മെയ് ഫ്ലവർ (B) മൈ സ്ട്രഗ്ൾ (C) മെയിൻ കാംഫ് (D) മൈ റെയിൻ

45. മധ്യകാല കേരളത്തിൽ ഭുവുടമകളുടേയും കർഷകരുടേയും ഇടയിലെ മധ്യവർത്തി ?

(A) കാരാളർ (B) ഊരാളർ (C) ചാവേർ (D) മൂവേന്തർ

46. ക്ഷേത്രത്തിനും, ദേശത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തിയിരുന്ന പോർവീരൻമാരുടെ സംഘത്തിന്റെ പേര് ?

(A) സങ്കേതം (B) ചാവേർ (C) വാണിയൻമാർ (D) ചങ്ങാതം

47. സിന്ധു നദിയുടെ സംസ്കാരത്തിലെ തുറമുഖ നഗരം ഏതായിരുന്നു ?

(A) കാളിബംഗൻ (B) ചാൽഹുദാരോ (C) ലോത്തൽ (D) ഹാരപ്പ

48. കേരളത്തിലെ നാടുവാഴികളെക്കുറിച്ചുള്ള ആദ്യത്തെ ലിഖിത പരാമർശം ഏതാണ് ?

(A) വാഴപ്പള്ളി ശാസനം (B) തരിസാപ്പള്ളി ശാസനം

(C) അവിട്ടത്തൂർ ശാസനം (D) മാമ്പിള്ളി ശാസനം

49. വിശ്വേശ്വരയ്യ മ്യൂസിയം എവിടെ സ്ഥിതി ചെയ്യുന്നു ?

(A) ബാംഗ്ലൂർ (B) ഹൈദരാബാദ് (C) കൊൽക്കത്ത (D) മുംബൈ

50. ഇന്ത്യൻ സിനിമയുടെ പിതാവാര് ?

(A) സത്യജിത് റേ (B) ദാദാ സാഹിബ് ഫാൽക്കെ

(C) ദേവികാറാണി (D) ജെ.സി.ഡാനിയൽ

51. മലകളേയും, പർവ്വതങ്ങളേയും കുറിച്ചുള്ള പഠനശാഖയുടെ പേരെന്ത് ?

(A) ഓറോളജി (B) സ്ഫീലിയോളജി

(C) മൗണ്ടനോളജി (D) സീസ്മോളജി

52. 'നീർമാതളം പൂത്തകാലം' ആരുടെ കൃതിയാണ് ?

(A) ബാലാമണിയമ്മ (B) ലളിതാംബിക അന്തർജനം

(C) കമലാ സുരയ്യ (D) സുഗതകുമാരി



fb.com/pscnet.in

53. കിളിമഞ്ജാരോ പർവ്വതം എവിടെ സ്ഥിതി ചെയ്യുന്നു ?

(A) ഏഷ്യ (B) ഓസ്ട്രേലിയ

(C) തെക്കേ അമേരിക്ക (D) ആഫ്രിക്ക

54. മസ്സൂറി സുഖവാസ കേന്ദ്രം ഹിമാലയത്തിലെ ഏത് മലനിരയിലാണ് ?

(A) ഹിമാദ്രി (B) ഹിമാചൽ

(C) സിവാലിക് (D) ഇതൊന്നുമല്ല

55. സാമൂതിരി രാജവംശം ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ് ?

(A) പെരുമ്പടപ്പ് സ്വരൂപം (B) കീഴ്പേരൂർ സ്വരൂപം

(C) വേണാട് സ്വരൂപം (D) നെടിയിരുപ്പ് സ്വരൂപം

56. ജർമ്മൻ ഏകീകരണത്തിന് മുഖ്യ പങ്ക് വഹിച്ച ചാൻസലർ ആരാണ് ?

(A) മസ്സിനി (B) ഗാരിബാൾഡി (C) ബിസ്മാർക്ക് (D) ഹിറ്റ്ലർ

57. ജപ്പാനിലെ ഹോൻഷു ദ്വീപിൽ സ്ഥിതി ചെയ്യുന്ന അഗ്നിപർവ്വതം ഏതാണ് ?

(A) കോട്ടോപാക്സി (B) ഫ്യൂജിയാമ (C) അറ്റക്കാമ (D) ബ്ലൂ മൗണ്ടൻ

58. ക്വാമി എൻ ക്രൂമ ഏതു രാജ്യത്തെ സ്വാതന്ത്ര്യസമര നേതാവായിരുന്നു ?

(A) ഘാന (B) കെനിയ (C) സാംബിയ (D) ലിബിയ

59. ബ്രഹ്മ സമാജം സ്ഥാപിച്ച ഇന്ത്യൻ സാമൂഹിക പരിഷ്കർത്താവാര് ?

(A) ശ്രീരാമ കൃഷ്ണ പരമഹംസൻ (B) വിവേകാനന്ദൻ

(C) രാജാറാം മോഹൻ റോയ് (D) സ്വാമി ദയാനന്ദ സരസ്വതി

60. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി സ്ഥാപിച്ചതാര് ?

(A) മഹാദേവ ഗോവിന്ദ റാനഡെ (B) ജയപ്രകാശ് നാരായൺ

(C) സർ സെയ്ദ് അഹമ്മദ് ഖാൻ (D) മദൻ മോഹൻ മാളവ്യ

www.pscnet.in

61. If he worked hard, he _________ the exam .

(A) will pass (B) would pass (C) pass (D) will have passed

62. Who is the _________ to the British throne ?

(A) heir (B) hare (C) hair (D) hire

63. Little progress has been made, _________ ?

(A) hasn't it (B) has little (C) has it (D) hasn't little

64. Which of the following is the word opposite in meaning to the word 'amateur' ?

(A) rough (B) artificial (C) selfish (D) professional

65. The plural name for 'ox' is _________ .

(A) oxes (B) oxs (C) oxen (D) more ox

66. She returned after _________ hour.

(A) the (B) a (C) and (D) an

67. At the last moment the university has _________ the examination.

(A) put off (B) put on (C) put out (D) put up with

68. "You _________ bring your notebook", the teacher ordered.

(A) will (B) shall (C) must (D) may

69. He is the person _________ saved the child.

(A) which (B) whom (C) what (D) who

70. The correctly spelt word is _________ .

(A) vacum (B) vaccum (C) vacuum (D) vakum



PSCNET.in

fb.com/pscnet.in

www.pscnet.in

71. ഇരുണ്ട രാത്രിയിൽ ഉറക്കെ ചിരിച്ചുകൊണ്ട് ആ ഭ്രാന്തി അവിടെ ഓടി നടന്നു.
ക്രിയാ വിശേഷണം കണ്ടെത്തുക.

(A) ഇരുണ്ട (B) ഓടി (C) ഉറക്കെ (D) ചിരിച്ചു

72. ശരിയായ പദം എടുത്തെഴുതുക.

(A) നെന്മണി (B) നെല്ലുമണി (C) നെൽമണി (D) നെൽമ്മണി

73. പഞ്ചായത്തു പ്രസിഡണ്ട് കരകൗശലമേള ഉദ്ഘാടനം ചെയ്യപ്പെടുന്നു.
ഈ അറിയിപ്പ് നിങ്ങൾ എങ്ങനെ തിരുത്തും.

(A) പഞ്ചായത്ത് പ്രസിഡണ്ട് കരകൗശലമേള ഉദ്ഘാടനം ചെയ്യപ്പെട്ടു.
(B) പഞ്ചായത്ത് പ്രസിഡണ്ടിനാൽ കരകൗശലമേളയിൽ ഉദ്ഘാടനം ചെയ്യുന്നു.
(C) പഞ്ചായത്ത് പ്രസിഡണ്ട് കരകൗശലമേളയിൽ ഉദ്ഘാടനം ചെയ്യുന്നു.
(D) പഞ്ചായത്തു പ്രസിഡണ്ട് കരകൗശലമേള ഉദ്ഘാടനം ചെയ്യുന്നു.

74. തെറ്റായ പ്രയോഗമേത് ?

(A) ഭയങ്കര ഫലപ്രദമായ മരുന്ന് (B) അതിഫലപ്രദമായ മരുന്ന്
(C) അതിവ ഫലപ്രദമായ മരുന്ന് (D) അത്യന്തം ഫലപ്രദമായ മരുന്ന്

75. 'കരം' എന്ന് അർത്ഥം വരുന്ന വാക്ക് താഴെ കൊടുത്തിരിക്കുന്ന ഏതു വാക്യത്തിലാണ് ശരിയായി പ്രയോഗിച്ചിരിക്കുന്നത് ?

(A) കൈപിടിച്ചുയർത്താൻ ആളുണ്ടെങ്കിൽ ആർക്കും വലിയ നിലയിലെത്താം.
(B) ആ മഹാന്റെ പാദപതനം കൊണ്ട് ധന്യമായ മണ്ണാണിത്.
(C) അധികാരികളുടെ കണ്ണുതുറപ്പിക്കാൻ ജനങ്ങളുടെ മുന്നേറ്റത്തിന് സാധിച്ചു.
(D) കാഴ്ചയുടെ ശേഷി വർധിപ്പിക്കാൻ സാധിക്കുന്ന ചില വ്യായാമങ്ങളുണ്ട്.

76. 'സർ ചാത്തുവിന്റെ പിതാവ് കുറേനാൾ സുഖമില്ലാതെ കിടന്നിട്ടാണ് മരിച്ചത്. കിഴവനെ മരണത്തിലേക്കെത്തിക്കാൻ ചെറിയൊരു കൈക്രിയ നടത്തിയ വാരിക്കുന്നൻ പറയുന്നതുനോക്കുക. ആദ്യം കാലവനിക തടഞ്ഞു വീണു. എഴുന്നേല്ക്കാനും എഴുന്നേല്പിക്കാനും നോക്കിയിട്ട് പറ്റിയില്ല. ആ കിടപ്പിൽ കുറേനാൾ കിടന്നു. പിന്നീട് മുഴുവൻ യവനികയും പൊക്കി അതിനകത്താക്കേണ്ടി വന്നു.

കൃതി, കർത്താവ് -തിരിച്ചറിയുക.

(A) ഒരു തെരുവിന്റെ കഥ - എസ്. കെ.പൊറ്റെക്കാട്
(B) പിതാമഹൻ - വി.കെ.എൻ
(C) കയർ - തകഴി
(D) രണ്ടാമൂഴം - എം.ടി.വാസുദേവൻ നായർ



fb.com/pscnet.in

www.pscnet.in

77. വിലാസിനി എന്ന തൂലികാനാമത്തിൽ പ്രസിദ്ധനായ സാഹിത്യകാരൻ :
(A) എം.ടി.വാസുദേവൻ നായർ
(B) എം.കെ.നാരായണ മേനോൻ
(C) വി.ടി.ഭട്ടതിരിപ്പാട്
(D) എം.കെ.മേനോൻ

78. ജ്ഞാനപീഠം നേടിയ പ്രശസ്ത സഞ്ചാര സാഹിത്യകാരൻ :
(A) എസ്.കെ.പൊറ്റെക്കാട്
(B) എം.പി.വീരേന്ദ്രകുമാർ
(C) രാജൻ കാക്കനാടൻ
(D) സക്കറിയ

79. 'പമ്പകടന്നു' എന്ന പ്രയോഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷ :
(A) Crossed the Rubicon
(B) Escaped
(C) Jumped into the river
(D) Rushed in

80. "ഏതു പ്രശ്നവും പുഷ്പം പോലെ പരിഹരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു". ഈ വാക്യത്തിന്റെ ശരിയായ ഇംഗ്ലീഷ് വിവർത്തനമേത്.
(A) His personality was smooth like a flower and that helped him solve problems.
(B) He loved flowers and solved problems using them
(C) He could solve any problem easily
(D) He solved issues by sending flowers to the opposing teams

81. $(0.07 + 0.03) - (1 - 0.9)$ എത്ര ?
(A) 0.9
(B) 1
(C) 0
(D) 10

82. $5^{m+1} - 5^m = 100$ ആയാൽ 'm' -ന്റെ വില ?
(A) 5
(B) 0
(C) 1
(D) 2

83. 8 -ന്റെ 100% എത്ര ?
(A) 1
(B) 8
(C) 108
(D) 80

84. സമചതുരാകൃതിയിലുള്ള കളിസ്ഥലത്തിന്റെ വിസ്തീർണ്ണം 250000 മീ.$^2$ ആയാൽ അതിന്റെ ചുറ്റളവ് എത്ര ?
(A) 500
(B) 50
(C) 2250
(D) 2000

85. $x - \frac{1}{x} = 2$ ആയാൽ $x^2 + \frac{1}{x^2}$ -ന്റെ വില ?
(A) 4
(B) 6
(C) 2
(D) 1



fb.com/pscnet.in

86. ഒരു ടി.വി 18000 രൂപയ്ക്ക് വിറ്റപ്പോൾ 10% നഷ്ടം ഉണ്ടാകുന്നു. എങ്കിൽ അതിന്റെ വാങ്ങിയ വില എത്ര ?
(A) 1800 (B) 2000 (C) 20000 (D) 18010

87. 5% പലിശ നിരക്കിൽ 8 വർഷം കൊണ്ട് 560 രൂപ പലിശ ലഭിക്കണമെങ്കിൽ എത്ര രൂപ നിക്ഷേപിക്കണം ?
(A) 568 (B) 4480 (C) 4000 (D) 1400

88. $\frac{x}{y} = \frac{2}{3}$ ആയാൽ $\frac{4x+2y}{5x-2y}$ -യുടെ വില എത്ര ?
(A) $\frac{7}{2}$ (B) $\frac{5}{2}$ (C) $\frac{2}{7}$ (D) $\frac{3}{2}$

89. $x$, $x+2$, $x+4$, $x+6$, $x+8$ എന്നിവയുടെ ശരാശരി 15 ആയാൽ ഇവയുടെ ആദ്യത്തെ 4 സംഖ്യകളുടെ ശരാശരി എത്ര ?
(A) 12 (B) 20 (C) 11 (D) 14

90. ഒരു സമാന്തര ശ്രേണിയുടെ 10-ാമത്തേയും 20-ാമത്തേയും പദങ്ങളുടെ തുക 60 ആയാൽ 14 -ാമത്തേയും 16 -ാമത്തേയും പദങ്ങളുടെ തുക എത്ര ?
(A) 60 (B) 30 (C) 50 (D) 10

91. 9 + 5 – 5 = 50 -ഉം,
8 + 6 – 3 = 51 -ഉം ആയാൽ
7 + 4 – 3 = ?
(A) 51 (B) 31 (C) 41 (D) 21

92. ഏതു സംഖ്യ ഇരട്ടിക്കുമ്പോഴാണ് 64 -ന്റെ $\frac{1}{4}$ കിട്ടുക ?
(A) 2 (B) 4 (C) 8 (D) 6

93. ശരിയായ ഗണിത ചിഹ്നം തിരഞ്ഞെടുത്ത് എഴുതുക.
25 ☐ 5 ☐ 6 = 30
(A) ×, ÷ (B) ÷, × (C) ×, + (D) ×, –

94. 10×6×4=953 -ഉം, 4×9×3=382 -ഉം ആയാൽ 7×5×3=?
(A) 105 (B) 38 (C) 15 (D) 642



fb.com/pscnet.in

95. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തുക.

11, 16, 21, 25, 31, 36

(A) 11 (B) 21 (C) 25 (D) 31

96. ഒരു പ്രത്യേക ഭാഷയിൽ 'EVENING' എന്നതിനെ 'DUDMHMF' എന്ന് എഴുതിയാൽ 'MORNING' എന്ന കോഡിന് തുല്യമായ പദം ഏതായിരക്കും ?

(A) LNQMHMF (B) NPSOJOE (C) LPMQFGM (D) NLMQMHF

97. A, B യുടെ സഹോദരനൊന്ന് B, C യുടെ സഹോദരിയാണ്. C യുടെ അച്ഛനാണ് D. എങ്കിൽ D യ്ക്ക് A യോടുള്ളബന്ധം ?

(A) അച്ഛൻ (B) മകൻ (C) സഹോദരൻ (D) മരുമകൻ

98. 8, 50, 260, ________ .

(A) 540 (B) 74 (C) 1310 (D) 210

99. ചതുരം : സമചതുരം ആയാൽ

ത്രികോണം : ________

(A) സമഭുജത്രികോണം (B) സമപാർശ്വത്രികോണം

(C) ന്യൂനത്രികോണം (D) മട്ടത്രികോണം

100. ABCD എന്ന സമചതുരത്തിന്റെ ചുറ്റളവ് 56 സെ.മീ. അതിനെ നാല് തുല്യസമചതുരങ്ങളായി മുറിച്ചാൽ അവയുടെ എല്ലാം ചുറ്റളവിന്റെ തുകയെന്ത് ?

(A) 112 (B) 84 (C) 14 (D) 98

-o0o-



PSCNET.in